XI പ്രത്യേക പരാമർശം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തമിഴ്നാട്ടിൽ തുടർച്ചയായ മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിന്റെ കെടുതികളെ സംബന്ധിച്ച വാർത്തകൾ രാവിലെ മുതൽ വന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ സ്ഥിതി അതിരൂക്ഷമാണെന്നാണ് വിവരം ലഭിച്ചിരിക്കുന്നത്. ഇവിടെ നിന്ന് തമിഴ്നാട്ടിലേക്ക് യാത്ര പോയവരുടെ വിവരങ്ങൾ ഉച്ചവരെ അറിയാൻ സാധിച്ചിരുന്നെങ്കിലും ഇപ്പോൾ അവരെ ബന്ധപ്പെടാൻ സാധിക്കുന്നില്ല. അവരെ സഹായിക്കുന്നതിനായി എന്താണ് ചെയ്യാൻ കഴിയുന്നതെന്നത് സംബന്ധിച്ച് മന്ത്രിമാരെല്ലാം കൂടിച്ചേർന്ന് ആലോചിക്കുന്നതാണ്. ഒരു കൺട്രോൾ റൂം തുറക്കുന്നത് സംബന്ധിച്ചും ആലോചിക്കുകയാണ്. പക്ഷേ തമിഴ്നാട്ടിലെ ഒരു നമ്പറുമായും ബന്ധപ്പെടാൻ സാധിക്കുന്നില്ല. ഗവൺമെന്റുമായും ബന്ധപ്പെടാൻ സാധിക്കുന്നില്ല. ഏതായാലും അക്കാര്യത്തിൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ള വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 9.33-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly